ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശമ്പളക്കാര്യത്തിൽ അങ്ങനെ ചില വ്യത്യാസങ്ങൾ ഉണ്ട്.

ശ്രീ. കെ. രാമചന്ദ്രൻ: തിരുവിതാംകൂറിൽ ഹിന്ദി കോളേജ് എവിടെയെങ്കിലും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉള്ളതായി അറിവില്ല.

T. B. INSTITUTIONS

*658. [21] **Sri. Chelady Rowther:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) how many T. B. Institutions are there already functioning in the State;

(*b*) when was the construction of the T. B. Sanatorium at Mulakunnathukavu began and when it is expected to begin functioning; and

(*c*) who is in full charge of the work?

ശ്രീ. എ. ജെ. ജാൺ:

(എ) മൂന്ന്.

(ബി) 1952-ൽ ആരംഭിച്ചു. 1954 അവസാനത്തിനു് മുമ്പുതന്നെ പണി തീരുന്നതാണു്.

(സി) വടക്കാഞ്ചേരി അസിസ്റ്റൻറ് ഇഞ്ചിനിയരും ട്രിച്ചൂർ എക്സിക്യൂട്ടീവ് ഇഞ്ചിനിയരുമാണു് ചാർജ്ജ് വഹിക്കുന്നതു്.

സാഹിബ് ബഹദൂർ ചേലാതി റാവുത്തർ: ആകെക്കൊള്ളാമാണു് കാൺട്രാക്ട് കൊടുത്തിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ അതിൻെറ ലിസ്റ്റ് കൈവശമില്ല.

ശ്രീ. എൻ. പി. വറുഗീസ്: ഇൻഡ്യാ ഗവൺമെണ്ടു് തിരുവനന്തപുരത്തു് ഒരു ടി. ബി. ആശുപത്രി സ്ഥാപിക്കുന്നതിനു് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഡബ്ലിയു. എച്ചു്. ഓ. യുടെ സഹായത്തോടുകൂടി ഒരു ടി. ബി. ക്ലിനിക്കു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. അതു് ഉടനെ ആരംഭിക്കുന്നതാണു്.

OTTUPARA HOSPITAL

*659. [22] **Sri. Chelady Rowther:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) the number of beds available in Ottupara Hospital in Trichur District; and

(*b*) whether the available beds suffice to cope with the demand for admission of in-patients?

ശ്രീ. എ. ജെ. ജാൺ:

(എ) രണ്ടു്.

(ബി) മതിയാകുകയില്ല.

ദേവികുളത്തെ ഭൂമിപതിവുനയം

*൯൯൦. (൨൯) ശ്രീ. എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലാൻഡ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:—

(എ) ദേവികുളം താലൂക്കു പള്ളിവാസൽ പകുതിയിൽ മുമ്പു ഉണ്ണിത്താൻ ഗവൺമെണ്ടിൻെറ കാലത്തു് കൃഷിക്കായി ലേലം ചെയ്തു കൊടുത്തതും, പിന്നീടു സംഖ്യ തിരിയെ കൊടുത്തു ലേലം അസ്ഥിരപ്പെടുത്തിയതുമായ സ്ഥലങ്ങൾ ഇപ്പോൾ ഭൂരിഭാഗനങ്ങൾക്കു കൃഷിക്കായി വീതിച്ചു കൊടുത്തിട്ടുള്ളതെല്ലാം ഭൂമിയില്ലാത്ത ഭൂരിഭാഗനങ്ങൾക്കുതന്നെയാണെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു പറയുവാൻ സാധിക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങൾ ഭൂരിഭാഗന്മാരായ പലരുടേയും പേരിൽ അധികം ഭൂമിയുള്ള ധനവാന്മാർ കൈവശമാക്കിയതായി വല്ല പരാതിയും ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു അന്വേഷണം നടത്തി?

ശ്രീ. എ. ജെ. ജോൺ:

(എ) ഈ സ്ഥലങ്ങളിൽ ഭൂരിഭാഗവും ഭൂമിയില്ലാത്തവർക്കു തന്നെയാണു് കൊടുത്തിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) മേൽ കൊടുത്ത ഉത്തരംമൂലം പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. എം. ഐ. പോൾ : ദേവികുളം താലൂക്കിൽനിന്നും പതിനായിരം ഏക്കർ പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു പ്രത്യേകമൊരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : അതിലേയ്ക്കു ഒരു കമ്മറ്റി മാത്രമേയുള്ളൂ.

ശ്രീ. എം. ഐ. പോൾ : ഈ കമ്മിറ്റിയിൽ ഗവൺമെണ്ടിൽനിന്നും ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഡിവിഷണൽ ഫോറസ്റ്റ് ആഫീസറെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ : ഈ പതിനായിരം ഏക്കർ ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ച് ഈ കമ്മിറ്റിയിൽനിന്നും ഏതെങ്കിലും പ്രസിദ്ധീകരണം പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : അങ്ങനെ പ്രസിദ്ധീകരിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. എം. ഐ. പോൾ : ശ്രീ. ഇക്കണ്ടവാര്യർ ചെയർമാനായിരിക്കുന്ന കമ്മിറ്റിയിൽനിന്നും വണ്ടൻമേട്ടിൽ ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു പ്രസിദ്ധീകരണം നൽകിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ : അതു വണ്ടൻമേട്ടിലുള്ള ഭൂമി പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചാണ്.

ശ്രീ. എം. ഐ. പോൾ : പിന്നെ എന്തുകൊണ്ടാണ് ഈ പതിനായിരം ഏക്കർ പതിച്ചുകൊടുക്കുന്നതു സംബന്ധിച്ചും കമ്മിറ്റിയിൽനിന്നും പ്രസിദ്ധീകരണം നടത്താതിരുന്നതു?

ശ്രീ. എ. ജെ. ജോൺ : അങ്ങിനെ ചെയ്തില്ല.

ശ്രീ. എം. ഐ. പോൾ : അങ്ങിനെ പ്രസിദ്ധീകരണം നടത്താതേയും അപേക്ഷകൾ ക്ഷണിക്കാതേയും ഭൂമി പതിച്ചുകൊടുത്തതു സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : യാതൊരു ആക്ഷേപങ്ങളും ഉള്ളതായി ഇതേവരെ ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

ശ്രീ. എ. താണുപിള്ള : ഈ സ്ഥലങ്ങൾ എപ്പോഴാണ് വീതിച്ചുകൊടുത്തിട്ടുള്ളതു?

ശ്രീ. എ. ജെ. ജോൺ : ഈ അടുത്തകാലത്താണ്.

ശ്രീ. എ. താണുപിള്ള : ഇതേസംബന്ധിച്ചു ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ : ഗസറ്റിൽ പരസ്യം ചെയ്തിരുന്നില്ല. അതേസംബന്ധിച്ചു ഒരു പ്രസ്സ് നോട്ട് മാത്രമെയുണ്ടായിരുന്നുള്ളൂ.

ശ്രീ. എ. താണുപിള്ള : പ്രസ്സ് നോട്ട് മാത്രമെയുള്ളോ, അതോ പത്രങ്ങളിൽ പ്രസിദ്ധം ചെയ്തിരുന്നോ?

ശ്രീ. എ. ജെ. ജോൺ : പത്രങ്ങളിലും പരസ്യം ചെയ്തിരുന്നു. ഗസറ്റിൽ ഇട്ടില്ലെന്നേയുള്ളൂ.

ശ്രീ. എ. താണുപിള്ള : ഏതെല്ലാം പത്രങ്ങളിലാണ് പരസ്യം ചെയ്തിരുന്നതു?

ശ്രീ. എ. ജെ. ജോൺ : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള : ഇതേസംബന്ധിച്ചു എല്ലാ വിവരങ്ങളും കാണിച്ച് ഏതെങ്കിലും തരത്തിൽ ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നോ?

ശ്രീ. എ. ജെ. ജോൺ : നോട്ടീസുകൂടാതെ ആ വിവരങ്ങൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. താണുപിള്ള : ഭൂരിഭാഗവും ഭൂമിയില്ലാത്തവർക്കുതന്നെയാണ് പതിച്ചുകൊടുത്തതെന്ന ഉത്തരത്തിൽ പറയുകയുണ്ടായി. അങ്ങിനെതന്നെയാണെന്നു പറയാൻ സാധിക്കുമോ? ആതേസംബന്ധിച്ചു പരാതികൾ കിട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : പരാതി കിട്ടിയതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : എത്ര പ്രിൻസിപ്പിൾ അനുസരിച്ചാണ് ഈ ഭൂമികൾ കൊടുത്തിട്ടുള്ളത് ?

ശ്രീ. എ. ജെ. ജോൺ : കുത്തകപ്പാട്ടവ്യവസ്ഥ അനുസരിച്ചാണ് പതിച്ചുകൊടുത്തിട്ടുള്ളത്.

ശ്രീ. എ. താണുപിള്ള : ആരാണ് ഇതേസംബന്ധിച്ച പ്രസ്നോട്ട് പുറപ്പെടുവിക്കുന്നതിനായി വിവരങ്ങൾ രേഖരിച്ചുതന്നത് ? പ്രസ്നോട്ടിൽ ഈ വിവരങ്ങളെല്ലാം പരസ്യം ചെയ്തിരുന്നോ ?

ശ്രീ. എ. ജെ. ജോൺ : ഇതേസംബന്ധിച്ചുള്ള വിവരങ്ങൾ ഗവൺമെണ്ടിനെ അറിയിച്ചതും ഭൂമി കുത്തകപ്പാട്ടവ്യവസ്ഥ അനുസരിച്ചു പതിച്ചുകൊടുത്തതും ദേവികുളം കമ്മിഷണരാണ്.

ശ്രീ. എ. താണുപിള്ള : ഈ ഭൂമികൾ ധനികന്മാരായ കുറെ ആളുകളുടെ കയ്യിലാണ് ഇരിക്കുന്നതെന്ന പരാതിയുള്ളതായി അറിയാമോ ?

ശ്രീ. എ. ജെ. ജോൺ : അങ്ങിനെ പരാതി വന്നിട്ടില്ല.

ശ്രീ. എം. ഐ. പോൾ : അങ്ങിനെ ആ സ്ഥലം അവിടെ പതിച്ചുകൊടുത്തതുകൊണ്ടു ഉദ്ദേശം രണ്ടുകോടി അൻപത്തിയാറുലക്ഷം രൂപായുടെ തടി ഗവൺമെണ്ടിനു് നഷ്ടപ്പെട്ടു പോകുമെന്നറിയാമോ ?

Mr. Speaker: Such imparting of information to the Government need not be done. Facts may be ascertained from Government.

ശ്രീ. എ. താണുപിള്ള : അതു തടികൾ ഉള്ള സ്ഥലമാണോ ?

ശ്രീ. എ. ജെ. ജോൺ : വലിയ തടികൾ ഉള്ളതായി അറിവില്ല.

ശ്രീ. എ. താണുപിള്ള : അവിടെ തടികൾ ഉണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി ഗവൺമെണ്ടിനെ അറിയിക്കുന്നതിനു് ആരെയാണ് വച്ചിരിക്കുന്നതു് ?

ശ്രീ. എ. ജെ. ജോൺ : അതിനധികാരികൾ ഉണ്ടു്.

ശ്രീ. എ. താണുപിള്ള : ഈ തടികൾ ആരുവെട്ടി മാറ്റണമെന്നാണ് വ്യവസ്ഥയുള്ളതു് ?

ശ്രീ. എ. ജെ. ജോൺ : ഗവൺമെണ്ടുതന്നെ മാറ്റണമെന്നാണ് വ്യവസ്ഥ.

ശ്രീ. എ. താണുപിള്ള : ഏതെങ്കിലും തടികൾ ഗവൺമെണ്ടിൽനിന്നും ഈ സ്ഥലം പതിച്ചുകൊടുക്കുന്നതിനുമുമ്പായി—അല്ലെങ്കിൽ ഇതിനകം മാറ്റിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : മാറ്റിയിട്ടുണ്ടെന്നാണ് തോന്നുന്നതു്.

ശ്രീ. എ. താണുപിള്ള : ഈ പതിനായിരം ഏക്കർ ഭൂമി എത്ര പേക്കായിട്ടാണ് കൊടുത്തതെന്നു പറയാൻ മേയുണ്ടാകുമോ ?

ശ്രീ. എ. ജെ. ജോൺ : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

MIDWIFERY CENTRES

*661. [24] **Sri. Paul Thaliath:** Will the Hon'ble Minister for Public Health be pleased to state.—

(*a*) whether the Government propose to open any new midwifery centres within the next three months;

(*b*) if so the names of such centres; and

(*c*) whether it has come to the notice of the Government that the Varapuzha midwifery centre opened some three years back is without a midwife for the last six months?

Sri. A. J. John:

(*a*) Government propose to open new midwifery centres in the budget year 1950—51, but it cannot be said that they will be opened within the next three months;

(*b*) The places where new centres are to be established have not been decided;

(*c*) Yes. The midwife of the Varapuzha midwifery centre passed away on 4th October 1949. The Public Service Commission appointed a substitute on 10th January 1950 and orders posting her to the centre were issued on 13th January 1950. As the candidate did not join duty, a registered notice was sent to her. She has reported that she is unable to join duty for the next three months. The Public Service Commission has again been requested to advise the nomination of candidates.

LIBRARY ARCHIVES Kerala Legislative Assembly